പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ. 1270

08.02.2013ൽ
മറുപടിക്ക്

# അനധികൃത മണൽ വാരൽ

| ചോദ്യം<br>ശ്രീ.എം.ചന്ദ്രൻ : | ഉത്തരം<br>ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പു മന്ത്രി) |
|---|---|
| (എ) കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും ആക്ട് 2011 ലംഘിച്ചുകൊണ്ട് പാലക്കാട് ജില്ലയിൽ വ്യാപകമായ മണൽ വാരൽ നടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) ഈ ആക്ടിന്റെ വെളിച്ചത്തിൽ എത്ര കേസുകളാണ് കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ പാലക്കാട് ജില്ലയിൽ രജിസ്റ്റർ ചെയ്തിട്ടുള്ളത് ; റവന്യു - പോലീസ് വകുപ്പുകൾ പിടികൂടിയ കേസുകൾ പ്രത്യേകം വ്യക്തമാക്കുമോ ; | (ബി) 2012-13 വർഷത്തിൽ ആകെ 956 കേസുകൾ (2013 ജനുവരി 31 വരെ) പോലീസ് അധികാരികൾ ബന്തവസ്സിലെടുത്തത് - 872<br><br>റവന്യു അധികാരികൾ ബന്തവസ്സിലെടുത്തത് -84 |
| (സി) പ്രസ്തുത ഇനത്തിൽ പിഴയും മറ്റുമായി എത്ര രൂപയാണ് റിവർ മാനേജ്മെന്റ് ഫണ്ടിലേക്ക് മുതൽ കൂട്ടിയിട്ടുള്ളത് ; | (സി) ഈടാക്കിയ തുക - 1,18,13,250/- രൂപ |
| (ഡി) അനധികൃത മണൽ വാരൽ തടയുന്നതിന് പാലക്കാട് ജില്ലയിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ? | (ഡി) അനധികൃത മണൽ വാരൽ തടയുന്നതിന് ജില്ലാ തലത്തിലും താലൂക്ക് തലത്തിലും പ്രത്യേക സ്ക്വാഡ് രൂപീകരിച്ച് പ്രവർത്തനം നടന്നു വരുന്നു. റവന്യു ഡിവിഷണൽ ഓഫീസിൽ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥർ സ്ക്വാഡ് നടത്തി വരുന്നു. കൂടാതെ പോലീസ് അധികാരികൾ മണൽ കടത്തിനെതിരെ ശക്തമായ നടപടി സ്വീകരിച്ച് യഥാസമയം റിപ്പോർട്ട് ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ